പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2653

12.03.2018 ൽ മറുപടിയ്ക്ക്

ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം ഭാഷാധ്യാപക നിയമനം

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിലവിലുള്ള ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം ഭാഷാധ്യാപക നിയമനത്തിന് എത്ര കുട്ടികളാണ് ഏറ്റവും കുറഞ്ഞത് ഉണ്ടാകേണ്ടത് ;സ്പെഷ്യൽ റൂൾ പകർപ്പ് അടക്കം വിശദാംശം ലഭ്യമാക്കുമോ; | നിലവിലുള്ള ഹയർസെക്കണ്ടറി വിശേഷാൽ ചട്ടത്തിൽ ഭാഷാദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് എത്ര കുട്ടികളാണ് ഉണ്ടാകേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടില്ല.<br>എന്നാൽ 01.10.91 ലെ സ.ഉ.നം.162/91/പൊ.വി.വ ഉത്തരവ് പ്രകാരം ഭാഷാ അദ്ധ്യാപക തസ്തികയ്ക്ക് മിനിമം 10 വിദ്യാർത്ഥികൾ ഒരു ബാച്ചിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | 2011 മുതൽ 2014 വരെയുള്ള കാലയളവിൽ ഭാഷാധ്യാപക നിയമനത്തിന് സ്വീകരിച്ചിരുന്ന മാനദണ്ഡം എന്തായിരുന്നു; | മലയാളം, ഹിന്ദി ഉപഭാഷാ അദ്ധ്യാപക നിയമനത്തിന് 25 കുട്ടികളും, മറ്റ് ഉപഭാഷാ അദ്ധ്യാപക നിയമനത്തിന് 10 കുട്ടികളും എന്നതാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത് |
| (സി) | പ്രസ്തുത കാലയളവിൽ ഓരോ സ്കൂളിനും ഭാഷാധ്യാപക തസ്തിക അനുവദിച്ചത് എത്ര കുട്ടികൾ കണക്കാക്കിയാണ്; വ്യക്തമാക്കുമോ; | തസ്തിക അനുവദിയ്ക്കുന്നത് പിരീഡുകളുടെ എണ്ണം കണക്കാക്കിയാണ്. മലയാളം, ഹിന്ദി ഉപഭാഷയ്ക്ക് മിനിമം 25-60 വരെ കുട്ടികൾ ഉണ്ടെങ്കിൽ ഒരു ബാച്ചായി പരിഗണിക്കുകയും, അതിന്റെ അടിസ്ഥാനത്തിലാണ് ഉപഭാഷാ തസ്തിക അനുവദിയ്ക്കുന്നത്. മറ്റ് ഉപഭാഷകൾക്ക് ടി കണക്ക് 10-60 കുട്ടികൾ വരെയാണ്. |
| (ഡി) | 2014-15 വർഷം സ്കൂളുകളിൽ പുതിയ തസ്തിക സൃഷ്ടിച്ചപ്പോൾ കുറഞ്ഞത് 25 കുട്ടികൾ ഉണ്ടെങ്കിൽ മാത്രമെ പുതിയ തസ്തിക അനുവദിക്കുകയുള്ളൂ എന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധമായി എന്തെങ്കിലും ഉത്തരവ് സ്പെഷ്യൽ റൂളിന് വിരുദ്ധമായി ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; എന്തടിസ്ഥാനത്തിലാണ് ഉത്തരവിറക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ഡി),(ഇ),(എഫ്) നിലവിലുള്ള ഹയർസെക്കണ്ടറി വിശേഷാൽ ചട്ടത്തിൽ ഭാഷാദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് എത്ര കുട്ടികളാണ് ഉണ്ടാകേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടില്ല.<br>2014-15 അധ്യായന വർഷം കുട്ടികളുടെ എണ്ണം കണക്കാക്കി ഭാഷാദ്ധ്യാപക തസ്തിക അനുവദിയ്ക്കുവാൻ തീരുമാനം എടുത്തിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്താതെ യാതൊരു കാരണവുമില്ലാതെ 25 കുട്ടികളിൽ കുറവുള്ള ബാച്ചുകളിൽ ഭാഷാധ്യാപക തസ്തിക തടഞ്ഞതിന്റെ കാരണം വിശദീകരിക്കുമോ; | |
| (എഫ്) | എങ്കിൽ സ്പെഷ്യൽ റൂൾസ് പ്രകാരം പഴയരീതിയിൽ തന്നെ ഭാഷാധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ